

## അമൃത വി.എച്ച്.എസ്സ്.സ്കൂൾ, കോന്നി

# ഉണർവ്

## ഡിജിറ്റൽ മാസിക – 2019

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# താളുകളിലൂടെ.......


| ക്രമ നമ്പർ | ഇനം | രചയിതാവ് | പേജ് |
|---|---|---|---|
| 1. | സന്ദേശം | – വിദ്യാഭ്യാസ മന്ത്രി | 03 |
| 2. | സന്ദേശം | – ഹെഡ്മിസ്ട്രസ്സ് | 04 |
| 3. | എഡിറ്റോറിയൽ | – പുണ്യ.പി | 05 |
| 4. | സാമൂഹിക പരിഷ്കർത്താക്കൾ... | – സംഗീത. എസ്സ് | 06 |
| 5. | തുടിതാളം തേടി | – പുണ്യ | 07 |
| 6. | ചെറുശ്ശേരി | – ഷാഹിന. എസ്സ് | 08 |
| 7. | ഓമനപ്പൂവി | – അഭി സുരേഷ് | 09 |
| 8. | നിത്യചൈതന്യയതി | – ആഷിത. എസ്സ് | 10 |
| 9. | പി. ഭാസ്കരൻ | – സാന്ദ്ര സാജൻ | 11 |
| 10 | പഴഞ്ചൊല്ലുകൾ | – വിഷ്ണുപ്രിയ | 12 |
| 11. | പടകേളി | – അഖിൽ നാഥ് | 13 |
| 12. | വനിതകളിൽ ആദ്യം | – അതുല്യ ആർ | 14 |
| 13. | അക്ഷരചക്രം | – അമൃത എസ് | 15 |
| 14. | പാടിയുറക്കും കടലമ്മ | – ലക്ഷ്മി സുജിത് | 16 |
| 15. | ഇത്തിരിപ്പൂവ് | – ആര്യ എസ് | 17 |
| 16. | കാട്ടുമരത്തിൻ കൊമ്പുകൽ.. | – കല്യാണികുട്ടി | 18 |
| 17. | കയറാൻ ഞെരുക്കം.... | – ജിൻസ് പി ജോർജ് | 19 |
| 18. | കേരളം | – റിസ റഷീദ് | 20 |
| 19. | നീതി വാക്ക്യങ്ങൾ | – ജൈത്യ രാജ് | 21 |
| 20. | മരങ്ങൾ | – അശ്വിനി അശോക് | 22 |
| 21. | കഥാപുസ്തകം | – നന്ദന ബി | 23 |
| 22. | പച്ചപാടം | – വിദ്യ കെ | 24 |
| 23. | ദീപസ്തംഭം മഹാശ്ചര്യം | – ശ്രീലക്ഷ്മി എസ് | 25 |
| 24. | വൈക്കം മുഹമ്മദ് ബഷീർ | – അജോ തോമസ് | 26 |
| 25. | മരം | – ശ്രീലക്ഷ്മി പി | 27 |
| 26. | ചില പഠന വിഷയങ്ങൾ | – ആർദ്ര അനിൽ | 28 |



**പ്രൊഫ. സി. രവീന്ദ്ര നാഥ്**
**ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി**

# സന്ദേശം

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടന്നുവരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ വിപുലമായ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾമെച്ചപ്പെടുത്തുക, അക്കാദമികമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വിവര സാങ്കേതിക രംഗങ്ങളിലും ഐ.റ്റി രംഗങ്ങളിലും ഉയർന്ന നിലവാരത്തിലേക്കു സ്കൂളുകളെ എത്തിക്കുന്നഹൈടെക് സംവിധാനങ്ങൾ സജ്ജമാക്കുക തുടങ്ങി നാനാതരത്തിലുള്ള വികസന പ്രവർത്തനങ്ങളാണ് യുദ്ധകാല അടിസ്ഥാനത്തിൽ പുരോഗമിക്കുന്നത്.45000ഹൈടെക് ക്ലാസ്സ് മുറികളാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ തയ്യാറായിട്ടുള്ളത്.ഇതിലൂടെ ഈസ്കൂളിലെ കുട്ടികൾക്കു ലഭ്യമായ കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ഡിജിറ്റൽ മാസികയാണ് **ഉണർവ്വ്** എന്ന പേരിൽ പറത്തുവരുന്നത്. ഈ സംരംഭത്തിന് എല്ലാ വിധആശംസകളും നേരുന്നു.

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
kite.kerala.gov.in



# ഉണർവ്

വിവരസാങ്കേതികവിദ്യ അഭിവൃദ്ധിപ്പെട്ടതോടുകൂടി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് നൂതനമായ ഒരു മുന്നേറ്റമാണുണ്ടായത് അതിവിശാലവും ആഴമേറിയതുമായ റിവിന്റെ ലോകം വിരൽത്തുമ്പിലൂടെ ഇന്ന് നമുക്കു ലഭിക്കുന്നു. കൈറ്റ് വഴി ഇന്ന് കുട്ടികൾക്ക് ലഭിക്കുന്ന സേവനം പ്രശംസനീയമാണ്. ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ' ഉണർവ് ' എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

Sudha

**പി. ആർ സുധാകുമാരി**
(ഹെഡ്മിസ്ട്രസ്)
അമൃത വി.എച്ച്.എസ്.സ്കൂൾ
കോന്നി

# എഡിറ്റോറിയൽ

ഇന്ന് ലോകത്തിലെ ഏതാണ്ടെല്ലാഭാഷകളിലും കമ്പ്യൂട്ടർ ഉപയോഗിക്കാൻ സാധിക്കും. കമ്പ്യൂട്ടറിൽ വിവരങ്ങൾ ശേഖരിക്കാനും അത് പങ്കുവെയ്ക്കാനും ഉതകുന്ന തരത്തിൽ ലോകത്തിലെ മിക്ക പ്രാദേശിക ഭാഷകളിലും സജ്ജമാകുന്നത് ആധുനിക ഭാഷാ കമ്പ്യൂട്ടിങ്ങ് സങ്കേതങ്ങൾ വികാസം പ്രാപിച്ചതോടുകൂടിയാണ്. മിക്ക സ്കൂളുകളിലും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ മാഗസിനുകളും, ക്ലാസ്സ് മാഗസിനുകളും തയ്യാറാക്കാറുണ്ട് ഹൈടെക്ക് സൗകര്യങ്ങൾ നിലവിൽ വന്നതോടെഇത്തരം പ്രവർത്തനങ്ങൾ അനായാസമായി ചെയ്യാനുള്ള സൗകര്യം ലഭ്യമാണ് . ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ഒരു പ്രധാന പ്രവർത്തനം എന്ന നിലയിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശംനൽകിയ അധ്യാപകരേയും നന്ദിയോടെ സ്മരിക്കുന്നു.




**പുണ്യ. പി (എഡിറ്റർ)**
**IX B**


# കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കളായ ചിലരുടെ മഹത്വചനങ്ങൾ

സംഗീത. എസ്സ്. IX B





അവനവനാത്മ സുഖത്തിനാചരിക്കുന്നവ
അപരന്ന് സുഖത്തിനായ് വരേണം
–ശ്രീനാരായണ ഗുരു



പഠിപ്പുതന്നെ മനുജനു
ഭൂഷണംഉടുപ്പുഭൂഷാദികളൊന്നുമല്ലഹോ
മിടുക്കരായിട്ടു വരേണമെങ്കിലോമടിച്ചിടാതങ്ങു
പഠിച്ചുകൊള്ളുവിൻ
–ബ്രഹ്മാനന്ദ ശിവയോഗി



സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്ക്
മൃതിയോക്കാൾ ഭയാനകം
–കുമാരനാശാൻ



നാം ശീലങ്ങൾ ആദ്യം ഉണ്ടാക്കുന്നു.
പിന്നീട് ശീലങ്ങൾ
നമ്മെ രൂപപ്പെടുത്തുന്നു
–ചട്ടമ്പിസ്വാമികൾ




വിദ്യയിലൂടെ ഔന്നിത്യം നേടുക
–അയ്യങ്കാളി

# തുടിതാളം തേടി




നമ്മുടെ മാതാവു–കൈരളി– പണ്ടൊരു
പൊന്മണിപ്പൈതലായ് വാണകാലം–
യാതൊരു ചിന്തയുമില്ലാതെ കേവലം
യാതൊരു ചേതസി തോന്നിയ മാതിരിയിൽ
ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാറോടിക്കളിച്ചു
രസിച്ച കാലം പെറ്റമ്മതന്നുടെ വെൺമുലപ്പാൽ
തീരെ വറ്റിയിട്ടില്ലാത്ത പൂങ്കണ്ഠത്താൻ
പാടിയിരുന്ന പഴങ്കഥപ്പാട്ടുകൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം

പണ്ടത്തെപ്പാട്ടുകൾ (വള്ളത്തോൾ)



പുണ്യ IX B

# ചെറുശ്ശേരി



ക്രി.വ പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി. കോലത്തു നാടു ഭരിച്ചിരുന്ന ഉദയവർമ്മ രാജാവിന്റെ പണ്ഡിത സദസ്സിലെ അംഗമായിരുന്നു. ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദ്ദേഹത്തെ അനശ്വരനാക്കിയ യതി.



ഷാഹിന. എസ്
IX B

# ഓമനപ്പൂവി

## ലക്ഷദ്വീപിലെ നാടൻപാട്ടുകൾ




പൊട്ടിക്കരയിണ്ടോൾ ഓമനപ്പൂവി.
എന്നും  കരയിണ്ടോൾ ഓമനപ്പുവി ?
നമ്മളെ ഓടം കൊടുക്കിണ്ടിബാപ്പാ ?
എന്നേ വിൽക്കിൽബാപ്പാ ഓടം ബില്ലാല !



അഭി സുരേഷ്
IX B

# നിത്യചൈതന്യയതി



**(1924–1999)**

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു. തത്ത്വചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. മനശ്ശാസ്ത്രം ജീവിതത്തിൽ യതിചര്യ മൂല്യങ്ങളുടെ കുഴമറിയിൽ നളിനി എന്ന കാവ്യശിൽപ്പം, സര്യക്കായ ലോകവീക്ഷണം എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭൂതിയും തുടങ്ങി നൂറിലേറെ മലയാളകൃതികൾ രചിച്ചിട്ടുണ്ട്. Neither this nor that തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.



**അഷിത. എസ്.** IX B




(1924 – 2007)

കവി, ഗാനരചയിതാവ്, ചലചിത്രകാരൻ, മാധ്യമപ്രവർത്തകൻ, എന്നീ നിലകളിൽ പ്രശസ്തനാണ് പി ഭാസ്കരൻ. ദീർഘകാലം ആകാശവാണിയിൽ ജോലി ചെയുതു പത്മശ്രീ, കേന്ദ്ര – കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി. ഒറ്റക്കമ്പിയുള്ള തുബുരു, ഓർക്കുക വല്ലപ്പോഴും, വയലാർ ഗർജിക്കുന്നു. ഓടക്കുഴലും ലാത്തിയും, കർഷകഗാനം, മുഖത്തോടുമുഖം(കവിതകൾ) , ദേശീയഗാനങ്ങൾ, സിനിമാഗാനങ്ങൾ (ഗാനസമാഹാരങ്ങൾ) കാടാറുമാസം, സിനിമാനിർമ്മാണം(ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ.



സാന്ദ്രാ സാജൻ
IX B

# മലയാള പഴഞ്ചൊല്ലുകൾ



വിഷ്ണുപ്രിയ എം.
IX B

- പയ്യെതിന്നാൽ പനയും തിന്നാം
- എല്ലു മുറിയെ പണിയെടുത്താൽ
  പല്ല് മുറിയെ തിന്നാം
- വേണേൽ ചക്ക വേരിലും കായിക്കും
- കൊടുത്താൽ കൊല്ലത്തും കിട്ടും
- പട്ടിയുടെ വാൽ പന്തീരാണ്ട് കൊല്ലം
  കുഴലിലിട്ടാലും നേരേയാവില്ല
- ഉപ്പ് തിന്നവൻ വെള്ളം കുടിക്കും
- നടുക്കടലിൽ ചെന്നാലും പട്ടി നക്കിയെ കുടിക്കു
- മിന്നുന്നതെല്ലാം പൊന്നല്ല

# പദകേളി

രണ്ടക്ഷരങ്ങളുള്ള ചില പദങ്ങളിലെ ആദ്യാക്ഷരം ഒന്നു നീട്ടിപറഞ്ഞാൽ അർത്ഥഭേദം വരുന്ന പുതിയ പദങ്ങളായി കാണാം. അത്തരം പദങ്ങളെ കണ്ടെത്തും വഴി പദാവലി വിപുലപ്പെടുത്താം. ഉദാഹരണങ്ങൾ ചിലത് താഴെ

1. മല – മാല
2. കള– കാള
3. കട– കാട
4. പട– പാട
5. പന – പാന
6. കക്ക – കാക്ക
7. നട – നാട
8. പറ – പാറ
9. വള – വാള
10. അല – ആല
11. തരം –താരം
12. വനം – വാനം
13. തപം – താപം
14. തലം – താലം
15. പദം– പാദം
16. പടം – പാടം
17. കലം – കാലം
18. നിലം–നീലം
19. വരം – വാരം
20. ഹരം – ഹാരം



അഖിൽ നാഥ്
IX A

# വനിതകളിൽ ആദ്യം



അർജിന അവാർഡ്
കെ.സി. ഏലമ്മ

രാജീവ് ഗാന്ധി ഖേൽരത്ന
കെ. എം. ബീനാമോൾ





ഒളിമ്പിക്ക് ഫൈനലിൽ പങ്കെടുത്തത്
പി. ടി. ഉഷ



പദ്മഭൂഷൺ
ലക്ഷ്മി നന്ദ മേനോൻ



മികച്ച നടിക്കുള്ള ദേശീയ പുരസ്കാരം ലഭിച്ചത്
ശാരദ



ആദ്യ മന്ത്രി
കെ. ആർ. ഗൗരിയമ്മ



ആദ്യ വൈസ് ചാൻസലർ
ഡോ. ജാൻസി ജെയിംസ്




അതുല്യ ആർ
IX B

# അക്ഷരചക്രം

അമൃത എസ് IX A

ഇവിടെ അക്ഷരചക്രവും ൮ ചോദ്യങ്ങളും കൊടുത്തിരിക്കുന്നു. എല്ലാ ചോദ്യങ്ങളുടേയും ഉത്തരം മൂന്ന് അക്ഷരങ്ങളുള്ളതും മൂന്നാമത്തെ അക്ഷരം 'വ' ആയിട്ടുള്ളതുമായ ഒരു വാക്ക് ആണ്. ഉത്തരത്തിലെ ആദ്യ അക്ഷരവും കൊടുത്തിട്ടുണ്ട്. വാക്ക് കണ്ട് പിടിച്ച് ചക്രം പൂരിപ്പിച്ചോളു.

1. ഇന്ത്യയുടെ ദേശീയ മൃഗം?
2. WTO (World Trade Organistaion) യുടെ ആസ്ഥാനം?
3. കാനഡയുടെ തലസ്ഥാനം?
4. കേരളത്തിൽ മെട്രോ റെയിൽ ബന്ധിപ്പിക്കുന്ന രണ്ടു സ്ഥലങ്ങളിൽ ഒന്ന്.?
5. രാജഭരണകാലത്തെ തിരുവിതാംകൂർ പ്രധാന മന്ത്രിയുടെ സ്ഥാനപ്പേര്? പിന്നീട് ഇത് ദിവാൻ ആയി മാറി
6. കേരളത്തിലെ എറ്റവും വലിയ നദീദ്വീപ്?
7. ഏറ്റവുമധികം മാംസ്യമടങ്ങിയ സുഗന്ധവ്യഞ്ജനം?
8. പക്ഷി എന്നർത്ഥം?



# പാടിയുറക്കും കടലമ്മ

തുള്ളിച്ചാടി വരുന്നല്ലോ
വെള്ളത്തിരകൾ വരുന്നല്ലോ.
കരയിൻ തോളിൽക്കയറീടാൻ
മണലിൻ മടിയിലുരുണ്ടീടാൻ.
കരയൊന്നിക്കിളിയാകുന്നു,
തിരകൾ ചിരിച്ചു നിൽക്കുന്നു.
ഓടിച്ചാടി വരുന്നല്ലോ
ഓളക്കുട്ടന്മാർ വീണ്ടും.
ഓടിച്ചാടി തളരുമ്പോൾ
പാടിയുറക്കാനാരാണോ?
ഓടിച്ചാടിത്തളരുമ്പോൾ
പാടിയുറക്കും കടലമ്മ.



ലക്ഷ്മി സുജിത് IX B

# ഇത്തിരിപ്പൂവ്

ഇത്തിരിപ്പൂവേ  ചുവന്ന പൂവേ
ഇത്തറനാളും നീ എങ്ങുപോയി?
മണ്ണിന്നടിയിലൊളിച്ചിരുന്നോ?
മറ്റുള്ള പൂക്കളെ കാത്തിരുന്നോ?
വന്നതു നന്നായി, തെല്ലുനേരം
വല്ലതും പാടിക്കളിക്കാം സ്വൈരം
കാറ്റടിച്ചോമനേ,  വീണിടൊല്ലേ,
ചെമ്മേറുമീയുടുപ്പാരു തന്നു.?
ചെമ്മേ വന്നുമ്മവെക്കാനേ തോന്നു!



ആര്യ എസ് IX A



# കാട്ടുമരത്തിൻ കൊമ്പുകൾതോറും

## ജി. ശങ്കരക്കുറിപ്പ്

കാട്ടുമരത്തിൻ കൊമ്പുകൾതോറും
കയറാം മറിയാം ചാടാം
വാലാൽ ചില്ലത്തുമ്പിൽച്ചുറ്റി
വരിഞ്ഞുകിടന്നൊന്നാടാം
കായികവിദ്യകളിങ്ങനെ പലതും
കാട്ടും ഞാൻ  പൂക്കൾ തേടും
വാലില്ലാത്തവർ നിങ്ങളെറിഞ്ഞാൽ
വാൽ  പൊക്കിക്കൊണ്ടോടും.





കല്യാണി കുട്ടി IX B

# കയറാൻ ഞെരുക്കം ഇറങ്ങാൻ എളുപ്പം

ജീവിതത്തെ സംബന്ധിക്കുന്ന.
ഏറ്റവും വലിയ തത്വമാണിത്.
ഉയർച്ചയിലെത്തണമെങ്കിൽ
വളരെയധികം കഷ്ടപ്പെടണം.
അതെല്ലാം നഷ്ടപ്പെട്ടാൻ ഒരു
നിമിഷം മതി . ഈ തത്വം മനുഷ്യരെ
ബോധ്യപ്പെടുത്താനായി
നാറാണത്തുഭ്രാന്തൻ
വലിയ കല്ലുരുട്ടി മലയുടെ മുകളിൽ
കയറ്റുകയും മുകളിൽ നിന്ന്
താഴേയ്ക്കുരുട്ടി വിട്ട് കൈകൊട്ടി
ചിരിക്കുകയും
ചെയ്യുമായിരുന്നു.



ജിൻസ് പി ജോർജ് IX B



# കേരളം

## സി വി കുഞ്ഞുരാമൻ



റിസ റഷീദ്
IX B

ഒരു  ഭാഗ്യത്തിലൗന്നത്യം
കലരും  മലയാചലം
മറുഭാഗത്ത് ഗംഭീര
പാരാവാരം ഭയങ്കരം.

അഹിതന്മാരേയും കാല
വർഷക്കാറ്റിനെയും സമം
തടുത്തു നിർത്തും സഹ്യാദ്രി
മലയാള ഹിമാലയൻ.

പച്ചകാടുകളേക്കൊണ്ടു
പച്ചപ്പട്ടു പുതച്ചവൻ
പൃഥ്വിപ്പെണ്ണിൻ വിലാസങ്ങൾ
വീക്ഷിച്ചുവിവിലസുന്നുവോ?

നെല്ലിൻപാടങ്ങളിൽക്കൂടി
വളഞ്ഞൊഴുകുമാറുകൾ
കേരളോർവിയുടുക്കുന്ന
പുടവക്കസവല്ലയോ?

ഉൽഫുല്ലപുഷ്പ സൗരഭ്യ
പരാഗങ്ങളണിഞ്ഞുടൻ
മലയാദ്രിയയകക്കുന്ന
ചെറുകാറ്റെത്ര മോഹനൻ!

ചെറു കുഭങ്ങളിൽ പൂർണ്ണ
മമൃതത്തെ  നിറച്ചഹോ!
ചുമന്നു നില്ക്കും കേരങ്ങൾ
ക്കാശ്വാസമരുളുനന്നവൻ

## കെ. സി. കേശവപിള്ള



# നീതിവാക്യങ്ങൾ

ആപത്തിൽ പരിഹാരങ്ങൾ
മുൻപേതന്നെ നിനയ്ക്കണം
കുഴിക്കയുക്തമോ കൂപം
പൂരക്കഗ്നി പിടിക്കവേ.

സ്വയം ബുദ്ധിയില്ലെങ്കിൽ
ശാസ്ത്രത്താലെന്തോഹോ ! ഫലം
കണ്ണില്ലാത്തുള്ളവൻ തന്നിൽ
കണ്ണാടി വിഫലം ദൃഢം

പുസ്തകത്തിലെഴും വിദ്യ
പരൻ കൈക്കൊണ്ട വിത്തവും
ആവശ്യപ്പെട്ടുന്നേര
മുതകാ തെല്ലുപോലുമേ.

വസ്ത്രം വപുസ്സുവചനം
വിദ്യാ വിനയമിങ്ങനെ
വികാരഞ്ചുമില്ലെങ്കിൽ
നിസ്സാരൻ ഭൂവിപൂരുഷൻ

എടുക്കില്ലന്യാനായുള്ളോൻ
കൊടുത്തീടിൽ വളർന്നീടും
ഒടുങ്ങാകല്പകാലത്തും
വിദ്യപോലെന്തുമറ്റഹോ!

പ്രസാദം വദനത്തിങ്കൽ
കാരുണ്യം ദർസനത്തിലും
മാധുര്യം വാക്കിലും ചേർന്നു
ള്ളവനേ പുരുഷോത്തമൻ.
(സുഭാഷിതരത്നാകരം)



ജൈത്യ രാജ് IX B

# മരങ്ങൾ

കാറ്റു തരുന്നത് മരങ്ങളല്ലേ?
കുളിര് തരുന്നത് മരങ്ങളല്ലേ
പൂവ് തരുന്നത് മരങ്ങളല്ലെ
കായ്കൾ തരുന്നത് മരങ്ങളല്ലെ

മരങ്ങളെ നാം സ്നേഹിക്കേണ്ടേ
മരങ്ങളെ നാം പാലിക്കേണ്ടേ
വേണം വേണം, വേണം വേണം
മരങ്ങളെ നാം സ്നേഹിക്കണം
വേണം വേണം, വേണം വേണം
മരങ്ങളെ നാം പാലിക്കേണം

അശ്വിനി അശോക് IX B




# കഥാപുസ്തകം

പുസ്തകം നല്ല കഥാപുസ്തകം
എന്നുടെ  നല്ലൊരു കഥാപുസ്തകം
മാനും മയിലും  കുയിലും മുയലും
പുലിയും  കഥയിൽ ഉണ്ടല്ലോ
തമാശയുള്ള കഥകൾ തൻ
സമാഹാരമാം കഥാപുസ്തകം
പുസ്തകം നല്ല കഥാപുസ്തകം
എന്നുടെ  നല്ലൊരു കഥാപുസ്തകം



നന്ദന  ബി IX B



# പച്ചപ്പാടം

പച്ചപ്പുടവയുടുത്തിട്ട്
പുഞ്ചിരിതൂകും പുൽപ്പാടം
സൗന്ദര്യത്തിൻ നിറവോടെ
തുളുമ്പി നിൽക്കും നെൽപ്പാടം
നെല്ലെന്ന മുത്തുകൾ കോർത്തെടുത്ത
മാലക്കെട്ടീടുന്ന ഐശ്വര്യം
കുട്ടികൾക്കൊക്കെ ഓടിക്കളിക്കാൻ
സമ്മതം നൽകുന്ന പൊൻപാടം
തളിരുകൾ കൊണ്ടുനിറഞ്ഞ നല്ല
സുന്ദരിയാകും പൂമ്പാടം
പ്രകൃതിതൻ തോഴിയാണാപ്പാടം
ഐശ്വര്യദേവി എന്ന പാഠം



വിദ്യ കെ IX A



# ദീപസ്തംഭം മഹാശ്ചര്യം !!




ശ്രീ പത്മനാഭപുരം ക്ഷേത്രത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ഒരു കമ്പിവിളക്കു സ്ഥാപിക്കുകയുണ്ടായി വളരെ മനോഹരമായ ഈ വിളക്കിനെ പ്രകീർത്തിച്ച് രാജസദസ്സിലെ കവികൾ ഇമ്പമാർന്ന കവിതകൾ രചിച്ചു. പക്ഷെ രാജസദസ്സിലെ സരസകവിയായ കുഞ്ചൻ നമ്പ്യാർ മാത്രം യാതൊരു കവിതയുമെഴഴുതിയില്ല . ഇക്കാര്യം മാർത്താണ്ഡവർമ്മ മഹാ രാജാവിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അദ്ദേഹം കുഞ്ചൻ നമ്പ്യാരോട് കാരണം ആരാഞ്ഞു . മറ്റുള്ള കവികളുടെ വിളക്കിനെ പ്രകീർത്തിച്ചുകൊണ്ടുള്ള കവിതയ്ക്കു പിന്നിലെ ലക്ഷ്യം തുറന്നു കാട്ടിക്കൊണ്ട് നമ്പ്യാർ ഇങ്ങനെ പറഞ്ഞു.



ശ്രീലക്ഷ്മി എസ്
IX A

# വൈക്കം മുഹമ്മത് ബഷീർ

(1908 - 1994)



1908 ജനുവരി 19ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ജനിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായ ഉപ്പു സത്യാഗ്രഹത്തിൽ പങ്കു കൊണ്ടും 10 വർഷത്തോളം ഇന്ത്യ ഒട്ടാകെ സഞ്ചരിച്ചു. പ്രധാന കൃതികൾ പാത്തുമ്മയുടെ ആട് , ന്റുപ്പൂപ്പക്കൊരാനേണ്ടാർന്ന്, ഭൂമിയുടെ അവകാശികൾ , പ്രേമലേഖനം , ബാല്യകാല സഖി , മതിലുകൾ എന്നീ നോവലുകൾ കൂടാതെ ധാരാളം ചെറുകഥകളും മലയാള സാഹിത്ത്യത്തിന് അദ്ദേഹം സംഭാവന ചെയുതു. കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചിട്ടുണ്ട്



അജോ തോമസ്
IX B

# മരം

മരമേ, മരമേ, മരമേ
നിന്നെ കാണാൻ രസമുണ്ട്
നിവർന്നു നിൽക്കും മരമേ
വെയിലു വന്നാൽ
തണലു തരും മരമേ
നിനക്ക് ആര് തണൽ തരും?

**ശ്രീലക്ഷ്മി. പി**
**IX A**



# ചില  പഠന വിഷയങ്ങൾ

| | |
|---|---|
| ആന്ത്രോപ്പോളജി | – നരവംശശാസ്ത്രം |
| ബയോമെട്രി | – ജൈവഗണിതശാസ്ത്രം |
| ഹെമറ്റോളജി | – രക്തത്തെപറ്റിയുള്ള പഠനം |
| ഒറിൻതോളജി | – പക്ഷിനിരീക്ഷണ ശാസ്ത്രം |
| പാതോളജി | – രോഗശാസ്ത്രം |
| സീസ്മോളജി | – ഭൂകമ്പ വിജ്ഞാനം |
| എക്കോളജി | – പരിസ്ഥിതി പഠനം |
| ഓങ്കോളജി | – ട്യൂമറുകളെക്കുറിച്ചുള്ള പഠനം |
| നെഫ്രോളജി | – വൃക്കകളെക്കുറിച്ചുള്ള പഠനം |
| മെറ്റീരിയോളജി | – അന്തരീക്ഷശാസ്ത്രം |
| പാലിയാന്റോളജി | – ഫോസിലുകളെക്കുറിച്ചുള്ള പഠനം |
| എപ്പിഡമോളജി | – പകർച്ചവ്യാതികളെക്കുറിച്ചുള്ള പഠനം |



ആർദ്ര അനിൽ IX B

## ലിറ്റിൽ കൈറ്റ് ഡിജിറ്റൽ മാസിക ഉണർവ്വിന്റെ ഹാഡ്കോപ്പി പ്രകാശന കർമ്മം 19 – 01 – 2019 ശനിയാഴ്ച സ്കൂൾ അസംബ്ലിയിൽ ഹെഡ്മിസ്ട്രസ്സ് ശ്രീമതി. പി. ആർ ,സുധാകുമാരി നിർവ്വഹിച്ചു



# പ്രകാശനം

